# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.845 28.04.2017 ലെ മറുപടിയ്ക്ക്**

**കായംകുളം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീമതി. യു. പ്രതിഭാ ഹരി** | | **ശ്രീ. ജി. സുധാകരൻ**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിൽ, കാർത്തികപ്പള്ളി താലൂക്കിൽപ്പെട്ട കായംകുളം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള അപാകതകൾ മൂലം ഈ കെട്ടിടം ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ആലപ്പുഴ ജില്ലയിൽ, കാർത്തികപ്പള്ളി താലൂക്കിൽപ്പെട്ട കായംകുളം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ ടി കെട്ടിടത്തി-ന്റെ പുനരുദ്ധാരണത്തിനു ശേഷം ദീർഘകാലം അടച്ചിട്ടിരുന്നതിനാൽ ജീർണ്ണത ഉള്ളതായി കാണുന്നു. പുതുതായി പണിത വില്ലേജ് ഓഫീസിന്റെ മേൽക്കൂരയും, 1985-ൽ പണിത ഹാളും ചേരുന്ന ഭാഗത്തു കൂടെയുള്ള മഴവെള്ളചോർച്ച മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ആലപ്പുഴ ഡിവിഷൻ സ്വീകരിച്ചുവരുന്നു. |
| (ബി) എങ്കിൽ അപാകതകൾ പരിഹരിച്ച് വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്ന കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**